മലയാള മനോരമ
ESTABLISHED 1888
01 October 2019

# തണ്ണീർത്തട വിവരം ശേഖരിക്കാൻ ആപ്

കൊച്ചി● തീരദേശ തണ്ണീർത്തടങ്ങളുടെ വിവരങ്ങൾ ഇനി മൊബൈൽ ആപ് ഉപയോഗിച്ചു ശേഖരിക്കും. കേന്ദ്ര സമുദ്ര മത്സ്യ ഗവേഷണ സ്ഥാപനത്തിന്റെ (സിഎംഎഫ്ആർഐ) നിർദേശപ്രകാരം ഐഎസ്ആർഒയുടെ കീഴിലുള്ള അഹമ്മദാബാദിലെ സ്പേസ് ആപ്ലിക്കേഷൻസ് സെന്ററാണ് (സാക്) മൊബൈൽ ആപ് വികസിപ്പിച്ചത്.

2.25 ഹെക്ടറിൽ താഴെയുള്ള തണ്ണീർത്തടങ്ങളുടെ വിവരങ്ങളാണു ശേഖരിക്കുക. കേരളത്തിൽ ഈ ഗണത്തിൽ പെടുന്ന 2592 തണ്ണീർത്തടങ്ങളുണ്ട്. സിഎംഎഫ്ആർഐ ഡയറക്ടർ ഡോ. എ. ഗോപാലകൃഷ്ണൻ ആപ് പുറത്തിറക്കി. ഡോ.പി.യു. സക്കറിയ, ഡോ.എ.പി.ദിനേശ് ബാബു, ഡോ .പി.കലാധരൻ, ഡോ.ടി.വി.സത്യാനന്ദൻ എന്നിവർ പ്രസംഗിച്ചു.